# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1747 — 14.08.2017 ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസ്സുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അടൂർ പ്രകാശ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് 320 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത 211 കേസ്സുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം 49 കേസുകൾ രജിസ്റ്റർ ചെയ്തതിൽ അന്വേഷണം പൂർത്തിയാകാത്ത 48 കേസുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം - തിരുവനന്തപുരം-43, കൊല്ലം-3, പത്തനംതിട്ട-1, എറണാകുളം-1 എന്നിവയാണ്. |
| (സി) ഈ കാലയളവിൽ പോലീസ്, സംസ്ഥാനത്തെ ഹൈടെക്ക് സെല്ലിന് അന്വേഷണം കൈമാറിയ എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഈ കാലയളവിൽ പോലീസ് സംസ്ഥാനത്തെ ഹൈടെക്ക് സെല്ലിന് അന്വേഷണം കൈമാറിയ കേസുകൾ ഒന്നും തന്നെ ഇല്ല. അന്വേഷണത്തിന് ആവശ്യമായ സാങ്കേതികസഹായം മാത്രമാണ് ഹൈടെക് ക്രൈം എൻക്വയറി സെല്ലിനോട് ആവശ്യപ്പെടാറുള്ളത്. |
| (ഡി) ഇവയിൽ കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ.